# മുതലാളിത്തം ഖുർആന്റെ അടയാളപ്പെടുത്തലുകൾ

● ശൈഖ് മുഹമ്മദ് കാരകുന്ന്

**ആഡംസ്മിത്തിനെപ്പോലുള്ള** സാമ്പത്തിക ശാസ്ത്രജ്ഞരാണ് മുതലാളിത്തത്തെ ഒരു സിദ്ധാന്തമായി അവതരിപ്പിച്ചത്. എന്നാൽ മനുഷ്യ ചരിത്രത്തിലുടനീളം മുതലാളിത്തത്തിന്റെ മൗലിക സ്വഭാവങ്ങളും പ്രവണതകളും നിലനിന്നുപോന്നിട്ടുണ്ട്. എന്നും എവിടെയും ഭൗതികവാദികളുടെ സമ്പത്തിനോടുള്ള സമീപനം ഒന്നുതന്നെയായിരുന്നു. അവരതിനെ സർവപ്രധാനമായി കരുതി. അതുകൊണ്ട് എന്തും നേടാമെന്ന് വിശ്വസിച്ചു. സമ്പത്ത് തങ്ങളെ അനശ്വരരാക്കുമെന്നും പലരും ധരിച്ചു.

പ്രവാചകമതം എന്നും മുതലാളിത്തത്തിന്റെ എതിർ ചേരിയിലായിരുന്നു. അത് മുതലാളിത്തചിന്തയോടും സംസ്കാരത്തോടും നിരന്തര സമരത്തിലേർപ്പെട്ടു. സത്യനിഷേധികളായ സമ്പന്നരെ സംബന്ധിച്ച ഖുർആനിക പരാമർശങ്ങൾ പരിശോധിച്ചാൽ ആധുനിക മുതലാളിത്തത്തിന്റെ പ്രത്യേകതകളെയാണോ അവ അടയാളപ്പെടുത്തുന്നതെന്ന് തോന്നും.

### ഉടമാവകാശം

മുതലാളിത്ത വ്യവസ്ഥ സ്വകാര്യ സ്വത്തിലധിഷ്ഠിതമാണ്. അത് വ്യക്തികൾക്ക് അനിയന്ത്രിതമായ സാമ്പത്തികാധികാരവും സ്വാതന്ത്ര്യവും നൽകുന്നു. മുതലാളിത്തത്തിൽ ഭരണകൂടങ്ങളുടെ പോലും ബാധ്യത സ്വകാര്യ സ്വത്തിന്റെ സംരക്ഷണവും വ്യക്തികളുടെ അവകാശ സംസ്ഥാപനവുമാണ്. സമ്പത്തിന്റെ മേലുള്ള പരമമായ ഉടമാവകാശം അത് ശേഖരിച്ചുവെക്കുന്നവർക്കാണെന്ന മുതലാളിത്ത വ്യവസ്ഥയുടെ അടിസ്ഥാനതത്ത്വം ആദികാലം മുതൽക്കുതന്നെ നിലനിന്നുപോന്നിരുന്നു. അതുകൊണ്ടുതന്നെ പ്രവാചകന്മാർ മനുഷ്യവിരുദ്ധമായ ഈ കാഴ്ചപ്പാടിനെ ശക്തമായും നിശിതമായും ചോദ്യം ചെയ്തു. സമ്പത്തിന്റെ മേലുള്ള ദൈവികമായ ഇടപെടലുകൾക്ക് നേതൃത്വം നൽകി. എന്നാൽ അത് സഹിക്കാൻ മുതലാളിത്ത ശക്തികൾക്ക് കഴിയുമായിരുന്നില്ല. അവർ പ്രവാചകന്മാരുടെ ഇടപെടലുകളെ ശക്തമായി എതിർത്തു. സാമ്പത്തിക രംഗത്തെ ചൂഷണങ്ങൾക്കെതിരെ ശബ്ദിച്ച ശുഐബ് നബി(അ)യോട് അദ്ദേഹത്തിന്റെ ജനത സ്വീകരിച്ച സമീപനം 'ഞങ്ങളുടെ സ്വത്ത് ഞങ്ങളുടെ ഇഷ്ടംപോലെ ഞങ്ങൾ കൈകാര്യം ചെയ്യുന്നതിനെ' എതിർക്കാൻ താങ്കൾക്ക് അധികാരമില്ലെന്നായിരുന്നു (*ഖുർആൻ* 11:87).

തനിക്കു ലഭിച്ച രണ്ടു തോട്ടങ്ങൾ തന്റേതാണെന്നുകരുതി അഹങ്കരിച്ച ഒരാളെ ഖുർആൻ പരിചയപ്പെടുത്തുന്നുണ്ട്. അയാൾ തന്റെ കൂട്ടുകാരനോട് പറഞ്ഞു: 'ഞാനാണ് നിന്നെക്കാൾ സമ്പത്തും സംഘബലവുമുള്ളവൻ' (18:34). സ്വന്തത്തോടുതന്നെ അതിക്രമം കാണിച്ചവനെന്നാണ് ഖുർആൻ അയാളെ വിശേഷിപ്പിച്ചത് (18:35). ആ തോട്ടങ്ങൾ നശിപ്പിച്ച് അയാളെ ശിക്ഷിച്ച കഥയും ഖുർആൻ വിവരിക്കുന്നുണ്ട്(18:34-43).

മുതലാളിത്തത്തിന്റെ വ്യക്തി ഉടമാവകാശവാദത്തെയും ഖുർആൻ നിരാകരിക്കുന്നു. സമ്പത്ത് അല്ലാഹുവിന്റേതാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു. സമ്പത്ത് കൈകാര്യം ചെയ്യാനുള്ള അനുവാദവും അവകാശവുമാണ് അത് വ്യക്തികൾക്ക് നൽകുന്നത്. അതും അനിയന്ത്രിതമായല്ല. ദൈവ നിർണിതമായ സാമൂഹിക താല്പര്യങ്ങളാൽ നിയന്ത്രിതമായിമാത്രം. ഖുർആൻ പറയുന്നു: 'അല്ലാഹു നിങ്ങൾക്കു നൽകിയ അവന്റെ ധനത്തിൽനിന്ന് നിങ്ങൾ നൽകികൊണ്ടിരിക്കുക(24:33).

സമ്പത്ത് അല്ലാഹുവിന്റേതായതിനാൽ അതിന്റെ സമ്പാദനത്തിലും കൈവശം വെക്കുന്നതിലും ചെലവഴിക്കുന്നതിലും അവൻ കണിശമായ നിബന്ധനകളേർപ്പെടുത്തുന്നു. അവയൊക്കെയും സമൂഹത്തിന്റെ സമ്പദ്ഘടനയുമായും താല്പര്യങ്ങളുമായും ബന്ധപ്പെട്ടവയാണ്. അതനുസരിച്ച് സമൂഹത്തിൽ ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, ചികിത്സ, വെള്ളം, വെളിച്ചം പോലുള്ള പ്രാഥമികാവശ്യങ്ങൾ പൂർത്തീകരിക്കാനാവാത്ത പാവങ്ങളുള്ളപ്പോൾ സമ്പന്നരുടെ കൈവശമുള്ള സ്വത്ത് അവരുടേതല്ലാതായിത്തീരുന്നു. ഖുർആൻ ചോദിക്കുന്നു:

'ദീനിനെ നിഷേധിക്കുന്നവനെ നീ കണ്ടില്ലയോ? അത് അനാഥയെ ആട്ടിയകറ്റുന്നവനാണ്. അഗതിയുടെ അന്നം കൊടുക്കാൻ പ്രേരിപ്പിക്കാത്തവനും' (107:1-3).

ഈ സൂക്തത്തിന്റെ വിശദീകരണത്തിൽ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി എഴുതുന്നു: 'ഇത്ആമിൽ മിസ്കീൻ' എന്നല്ല; 'ത്വആമിൽ മിസ്കീൻ' എന്നാണ് പ്രയോഗിച്ചിട്ടുള്ളത്. ഇത്ആമിൽ മിസ്കീൻ എന്നായിരുന്നു പ്രയോഗമെങ്കിൽ അവൻ അഗതികൾക്ക് അന്നംകൊടുക്കാൻ പ്രേരിപ്പിക്കുന്നില്ല എന്നാകുമായിരുന്നു. പക്ഷേ, ത്വആമിൽ മിസ്കീന്റെ അർഥം ഇങ്ങനെയാണ്: 'അവൻ അഗതികളുടെ അന്നം കൊടുക്കാൻ പ്രേരിപ്പിക്കുന്നില്ല.' മറ്റു വാക്കുകളിൽ പറഞ്ഞാൽ അഗതികൾക്ക് നൽകപ്പെടുന്ന ആഹാരം അത് നൽകുന്നവരുടേതല്ല; അത് ലഭിക്കുന്ന അഗതികളുടെ തന്നെ ആഹാരമാണ്. നൽകുന്നവർക്ക് അവരോടുള്ള ബാധ്യതയാണത്. ദാതാവ് അവരോട് ദാക്ഷിണ്യം

കാണിക്കുകയല്ല. അവരുടെ അവകാശം വകവെച്ചു കൊടുക്കുകയാണ് ചെയ്യുന്നത്.'

ജ്ഞാനമൂലധന(Knowledge Capital)മാണ് ആധുനിക സമ്പദ്ഘടനയുടെ അതിപ്രധാനമായ അടിസ്ഥാനങ്ങളിലൊന്ന്. ജ്ഞാനമൂലധനത്തെ സംബന്ധിച്ച അവകാശവാദമുന്നയിക്കുകയും തന്റെ സ്വന്തം ജ്ഞാനമാണ് തന്റെ സമ്പത്തിനു കാരണമെന്ന് വാദിക്കുകയും ചെയ്ത ഖാറൂനെക്കുറിച്ച് ഖുർആൻ പറയുന്നുണ്ട്. ഇസ്രയേൽ വംശജനായിരുന്നു അയാൾ. അക്കാലത്തെ പാരമ്പര്യ മുസ്‌ലിം സമൂഹത്തിലെ അംഗം. മൂസാനബി(അ)യുടെ പിതൃവ്യ പുത്രനായിരുന്നു ഖാറൂനെന്ന് ബൈബിൾ പുറപ്പാട് പുസ്തകം 6:18-21 വ്യക്തമാക്കുന്നു. കണക്കാക്കാനാവാത്ത സ്വത്തിന്റെ ഉടമ. അക്കാലത്തെ ജനത അദ്ദേഹത്തോടു പറഞ്ഞു: 'നീ അഹങ്കരിക്കരുത്. അഹങ്കരിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല. അല്ലാഹു നിനക്കു നൽകിയതിലൂടെ നീ പരലോക വിജയം നേടുക. എന്നാൽ ഇവിടെ ഇഹലോക ജീവിതത്തിൽ നിനക്കുള്ള വിഹിതം നീ മറക്കാതിരിക്കുക. അല്ലാഹു നിനക്കു നന്മ ചെയ്തപോലെ നീയും നന്മ ചെയ്യുക. നാട്ടിൽ നാശം വരുത്താൻ തുനിയരുത്. നാശകാരികളെ അല്ലാഹു ഇഷ്ടപ്പെടുകയില്ല' (28:76,77).

ഇതിന് ഖാറൂന്റെ പ്രതികരണമിതായിരുന്നു: 'എനിക്കിതൊക്കെ കിട്ടിയത് എന്റെ വശമുള്ള ജ്ഞാനം കൊണ്ടാണ്' (28:78).

ഈ അവകാശവാദത്തിനും ധിക്കാരത്തിനും അല്ലാഹു ഭൂമിയിൽ വെച്ചുതന്നെ കടുത്ത ശിക്ഷ നൽകി. അയാളും അയാളുടെ വീടുമൊക്കെ നശിച്ചു നാമാവശേഷമായി (28:81).

പൈതൃകമായി കിട്ടിയ സ്വത്ത് തങ്ങളുടേതെന്നു കരുതി ദരിദ്രരായ അവകാശികളുടെ വിഹിതം നിഷേധിച്ച തോട്ടക്കാരുടെ കഥ വിശുദ്ധ ഖുർആൻ വിവരിച്ചിട്ടുണ്ട്. സ്വാർഥതയും ആർത്തിയുമാണ് അവരുടെ നാശത്തിനു നിമിത്തമായത് (68:17-31).

## അതിരില്ലാത്ത ആർത്തി

ലോകത്തിലെ മുഴുവൻ മനുഷ്യർക്കും ആവശ്യത്തിനുള്ള വിഭവം ഈ ഭൂമിയിലുണ്ട്, എന്നാൽ ഒരൊറ്റ മനുഷ്യന്റെയും ആർത്തി തീർക്കാനത് മതിയാവില്ലെന്ന് ഗാന്ധിജി പറഞ്ഞിട്ടുണ്ട്. മുതലാളിത്തത്തിന്റെ മുഖമുദ്രയും ഈ ആർത്തി തന്നെ. കമ്പോള വ്യവസ്ഥയുടെ വിപണന

ലോകത്തിലെ മുഴുവൻ മനുഷ്യർക്കും ആവശ്യത്തിനുള്ള വിഭവം ഈ ഭൂമിയിലുണ്ട്, എന്നാൽ ഒരൊറ്റ മനുഷ്യന്റെയും ആർത്തി തീർക്കാനത് മതിയാവില്ലെന്ന് ഗാന്ധിജി പറഞ്ഞിട്ടുണ്ട്. മുതലാളിത്തത്തിന്റെ മുഖമുദ്രയും ഈ ആർത്തി തന്നെ. കമ്പോള വ്യവസ്ഥയുടെ വിപണന തന്ത്രം, ജനങ്ങളിൽ അതിരുകളില്ലാത്ത മോഹവും ആഗ്രഹവും വളർത്തലാണ്.

തന്ത്രം, ജനങ്ങളിൽ അതിരുകളില്ലാത്ത മോഹവും ആഗ്രഹവും വളർത്തലാണ്. സമ്പത്തിനോടുള്ള അതിരറ്റ പ്രേമത്തെ ഖുർആൻ നിശിതമായി ചോദ്യം ചെയ്യുന്നുണ്ട്. 'ധനത്തെ നിങ്ങൾ അതിരറ്റ് സ്നേഹിക്കുന്നു' (89:20).

'തീർച്ചയായും മനുഷ്യൻ തന്റെ നാഥനോട് നന്ദിയില്ലാത്തവനാണ്. ഉറപ്പായും അവൻതന്നെ ഈ നന്ദികേടിന് സാക്ഷിയുമാണ്. ധനത്തോടുള്ള അവന്റെ കൊതി അതികഠിനം തന്നെ' (100:6-8).

'മനുഷ്യന് സ്വർണത്തിന്റെ രണ്ട് താഴ്‌വരയുണ്ടെങ്കിൽ മൂന്നാമതൊന്നു കൂടി അവൻ മോഹിക്കും' (നബിവചനം)

പണമുണ്ടെങ്കിൽ എന്തും നേടാമെന്ന ധാരണയെയും ഖുർആൻ തിരുത്തുന്നു.

'ധനം തന്നെ അനശ്വരനാക്കിയതായി അവൻ കരുതുന്നു. സംശയം വേണ്ട; അവൻ കത്തിപ്പടരുന്ന നരകത്തിലെറിയപ്പെടുകതന്നെ ചെയ്യും' (104:3,4).

ഖുർആൻ പരിചയപ്പെടുത്തിയ ധിക്കാരിയായ തോട്ടക്കാരൻ പറഞ്ഞു: 'ഇതൊന്നും ഒരിക്കലും നശിച്ചുപോകുമെന്ന് ഞാൻ കരുതുന്നില്ല. അന്ത്യനാൾ വന്നെത്തുമെന്നും ഞാൻ ധരിക്കുന്നില്ല. അഥവാ, എനിക്കെന്റെ നാഥന്റെ അടുത്തേക്ക് തിരിച്ചു ചെല്ലേണ്ടിവന്നാൽ തന്നെ അവിടെ ഇതിനെക്കാൾ മെച്ചപ്പെട്ട ഇടം ലഭിക്കും' (18:35,36).

അയാളുടെ പരിണതി പൂർണ പരാജയവും കൊടിയ നാശവും കടുത്ത ദുഃഖവുമായിരുന്നു.

സമ്പത്തുകൊണ്ട് എന്തും നേടാമെന്ന മുതലാളിത്ത ചിന്തവെച്ചു പുലർത്തിയിരുന്നവർ എന്നും എവിടെയും ധൂർത്തന്മാരും പ്രവാചകന്മാരെ തള്ളിപ്പറയുന്നവരുമായിരുന്നു. 'ഏതൊരു നാട്ടിലേക്കു നാം മുന്നറിയിപ്പുകാരെ അയച്ചുവോ, അപ്പോഴൊക്കെ അവിടങ്ങളിലെ ധൂർത്തന്മാർ പറഞ്ഞു: നിങ്ങൾ കൊണ്ടുവന്ന സന്ദേശത്തെ ഞങ്ങളിതാ തള്ളിക്കളയുന്നു. അവർ പറഞ്ഞു കൊണ്ടിരുന്നു: ഞങ്ങൾ കൂടുതൽ സമ്പത്തും സന്താനങ്ങളുമുള്ളവരാണ്. ഞങ്ങളെന്തായാലും ശിക്ഷിക്കപ്പെടുകയില്ല' (34:34,35).

ഈ അവകാശവാദത്തെ അല്ലാഹു നിരാകരിക്കുന്നു: 'നിങ്ങളുടെ സമ്പത്തും സന്താനങ്ങളും നിങ്ങളെ നമ്മോട് ഒട്ടും അടുപ്പിക്കുകയില്ല. സത്യവിശ്വാസം സ്വീകരിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരൊഴികെ' (34:37).

സമൂഹത്തിലാകെ ആർഭാടഭ്രമവും സുഖലോലുപതയും വർധിപ്പിക്കുകയെന്ന മുതലാളിത്തത്തിന്റെ പ്രകടനാത്മകതയെ ഖുർആൻ ഖാറൂനിലൂടെ വരച്ചു കാണിക്കുന്നു:

'അങ്ങനെ ഖാറൂൻ എല്ലാവിധ ആർഭാടങ്ങളോടും കൂടി ജനത്തിനിടയിലേക്ക് ഇറങ്ങിത്തിരിച്ചു. അതുകണ്ട് ഐഹിക ജീവിതസുഖം കൊതിക്കുന്നവർ പറഞ്ഞു: ഖാറൂന് കിട്ടിയത് പോലുള്ളത് ഞങ്ങൾക്കും കിട്ടിയിരുന്നെങ്കിൽ! ഖാറൂൻ മഹാഭാഗ്യവാൻ തന്നെ' (28:79).

എന്നാൽ ജ്ഞാനികളുടെ വീക്ഷണം തീർത്തും വ്യത്യസ്തമായിരുന്നുവെന്നും ഖുർആൻ വ്യക്തമാക്കുന്നു (28:80).

## കുത്തകവൽക്കരണം

സമ്പത്ത് വ്യക്തികളിൽ കുന്നുകൂടാനിടയാക്കുന്ന മുതലാളിത്ത രീതിയാണ് കുത്തകവൽക്കരണം. അതിനെയും അതുണ്ടാക്കുന്ന സാമൂഹിക തിന്മകളെയും ഖുർആൻ ശക്തമായ ഭാഷയിൽ കൈകാര്യം ചെയ്യുന്നു:

'കുത്തുവാക്ക് പറയുന്നവന് നാശം! അവഹേളിക്കുന്നവനും! അവൻ സമ്പത്ത് കുന്നുകൂട്ടുകയും അത് എണ്ണിക്കണക്കാക്കുകയും ചെയ്യുന്നു. ധനം തന്നെ അനശ്വരനാക്കിയതായി അവൻ കരുതുന്നു' (104:1-3).

ഇങ്ങനെ മുതലളിത്ത വ്യവസ്ഥയുടെ അടിസ്ഥാനങ്ങളെയും പ്രവണതകളെയും വ്യക്തമായി നിർണയിക്കുന്ന ഖുർആൻ അവക്കെതിരെ ഇസ്‌ലാമിന്റെ സാമ്പത്തിക വ്യവസ്ഥ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നു. ■